# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6942 10.07.2014-ൽ മറുപടിയ്ക്ക്

## പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കുന്നതിന് കേന്ദ്രസഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>" കെ.വി. വിജയദാസ്<br>" കെ. ദാസൻ<br>" പി.റ്റി.എ. റഹീം | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | പട്ടികജാതിക്കാരുടെ പൗരാവകാശം സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്ക്എതിരെ ബോധവത്ക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നു. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകൽ, സാംസ്കാരിക ജാഥകൾ. സന്ദേശ റാലികൾ, പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകൾക്ക് അവാർഡ് തുടങ്ങിയവ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.<br>2225-01-800--86-പി.സി.ആർ ആക്ട് (പ്ലാൻ) എന്ന ശീർഷകത്തിലാണ് ടി പദ്ധതി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുള്ളത്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 50% കേന്ദ്ര വിഹിതമാണ്. അതിക്രമത്തിന് ഇരയായിട്ടുള്ളവർക്കുള്ള ആനുകൂല്യവും പുനരധിവാസത്തിനുള്ള ധനസഹായവും ഈ ശീർഷകത്തിൽ നിന്നാണ് നൽകുന്നത്. |
| (ബി) | ഇതിനായി കഴിഞ്ഞ വർഷവും ഈ വർഷവും വകയിരുത്തിയിരുന്ന തുകയെത്രയെന്ന് അറിയിക്കാമോ; | (ബി) | വർഷം: ബഡ്ജറ്റിൽ വകയിരുത്തിയ തുക(ലക്ഷത്തിൽ)<br>2013-14: 2400 (50% കേന്ദ്രവിഹിതം)<br>2014-15: 1600 (50% കേന്ദ്രവിഹിതം) |
| (സി) | കഴിഞ്ഞ വർഷം വകയിരുത്തിയ തുകയിൽ മൂന്നിലൊന്നുപോലും ചെലവഴിക്കാൻ കഴിയാതിരുന്ന സാഹചര്യം അറിയിക്കുമോ; ഇപ്രാവശ്യം കഴിഞ്ഞ വർഷത്തേക്കാൾ തുക കുറവ് വരുത്താനുണ്ടായ കാരണം അറിയിക്കാമോ? | (സി) | മിശ്ര വിവാഹ ധനസഹായം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, ബോധവത്ക്കരണ സെമിനാറുകൾ, മികച്ച മാധ്യമ റിപ്പോർട്ടുകൾക്കുള്ള അവാർഡ്, സാഹിത്യ ശിൽപശാല, അതിക്രമത്തിന് ഇരയായവർക്കുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾക്ക് 2225-01-800-86-പി.സി.ആർ. ആക്ട് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. മുൻ സാമ്പത്തിക വർഷത്തിൽ വിവിധയിനങ്ങളിലായി 1234.64 ലക്ഷം രൂപ (51.44%) |

(...2)

| | | |
|---|---|---|
| | | ചെലവഴിക്കുകയുണ്ടായി. മിശ്രവിവാഹ ധനസഹായത്തിന് മുൻ വർഷങ്ങളിൽ ലഭിച്ച ശരാശരി അപേക്ഷകൾ ഈ വർഷവും ലഭിച്ചിരുന്നു. എന്നാൽ അതിക്രമം തടയൽ നിയമ പ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണത്തിൽ ഉള്ള കുറവ് കാരണം സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കുവാൻ കഴിഞ്ഞിരുന്നില്ല. മുൻ വർഷം 1234.64 ലക്ഷം രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിക്കുകയുണ്ടായി. ഓരോ വർഷത്തെയും പദ്ധതി വിഹിതം വകയിരുത്തുന്നത് മുൻ വർഷത്തെ ചെലവുകളെ ആധാരമാക്കിയാണ്. മുൻ വർഷം ടി ശീർഷകത്തിൽ ചെലവഴിച്ച തുക കുറവായതിനാലാണ് 2014-15 വർഷം ബഡ്ജറ്റിൽ തുക കുറവ് വരുത്തിയിരിക്കുന്നത്. |

Salini K.J

**സെക്ഷൻ ആഫീസർ**